ാൽത്തറകാണുന്നല്ലെ ആൽത്തറതണൽകരുതിയിരുന്ന
വിടെ * കണ്ണനവിടെയിരിക്കുന്നേരം ആലിൻമുകളിലും
നോക്കുന്നേരം * ഒന്നൊരു വാറോല തൂങ്ങികണ്ടു ഓലയും
ചാടിപ്പിടിച്ചെടുത്തു * ഓലയിൽ കണ്ണനും നോക്കുന്നേരം
നല്ലചിത്രമെല്ലാം കാണാറാണ് * ഓടമലവാണ തമ്പു
രാന് ഏഴ്വാലനക്കം കറവുള്ളത് * ഏഴും പുലികൊണ്ടു
തിന്നുപോയി കൊട്ടകിന്നുകൊണ്ടൊന്ന പുള്ളിച്ചിയൊ *
ന്നാഴി കറക്കുന്ന പുള്ളിച്ചിനെ അമ്മയോളംമണ്ണുവെച്ചുഴിയും
കുട്ടി * അതിനെയും പുലികൊണ്ടുതിന്നും പോയി
പുലിയിനെക്കൊല്ലുന്നോരാളുകൾക്ക് * പകുതിയെൻ
നാട്ടുകൊട്ടക്കയെന്നും പകുതിയോളം വീട്ടു കൊട്ടക്കയെ
ന്നും * ഒന്നൊ മരുമകൾ കന്യാകത്തെൻ വേളികഴിച്ചു
കൊട്ടക്കായെന്നും * ഏന്നല്ലെ ഓലയിൽകാണുന്നതും നാടാ
പുരംകെട്ടികത്തിക്കണ്ണൻ * കണ്ണനവിട്ടുന്നും പുറപ്പെട്ടല്ലൊ
അത്താഴക്കുന്നും അതിരൻകുന്നും * തീണ്ടാരക്കുന്നും തിരുളും
കുന്നും നാലുകുന്നാന്നായി നായാട്ടുന്നു * അവിടെ പുലിക
ളെ കണ്ടില്ലല്ലൊ ഓടമലക്കല്ലെ നായാട്ടുന്നു * ഓടമലയിലും
നായാട്ടുമ്പോൾ ഓടമലന്പുലിയെ കാണുന്നല്ലെ * കണ്ണനെ
കണ്ണാലെകണ്ടനേരം പുലികളുംമാളത്തിൽ പോകുന്നല്ലെ *
അതുതാനെകണ്ടുള്ള കത്തിക്കണ്ണൻ പുലികളെതോലിയും
പറയുന്നല്ലെ * പൈതിന്നിപ്പറയപുലിത്തടിയ നേരിട്ടിട്ടു
നോട്ടുംവന്നുകൊള്ളെ * അതുതാനെകേട്ടു പുലികൾ രണ്ടും
കണ്ണനോടട്ടുത്തല്ലെചൊല്ലുന്നതും * അന്നേരം കണ്ണൻപറയു
ന്നല്ലൊ ഞാനിന്നൊരുവനതാകുന്നതും ഒററവിട്ടുന്നോട്ടു
വന്നുകൊള്ളിൻ * അതുതാനെകേട്ടല്ലൊ പെൺപുലിയും

കേരള സാഹിത്യ അക്കാദമി

പറഞ്ഞല്ലൊ ഓടാള്ളൊള് ഓടമലവാണതമ്പുരാനെ*പുലി യിനെകൊണ്ടതാവെച്ചതിപ്പോൾ നിങ്ങളെ മരുമകൾക ന്നിക്കഞ്ഞൻ*ഞങ്ങൾക്കതന്നെയുംതന്നുകൊള്ളെ തമ്പുരാ നുംവന്നിട്ടുനോക്കുന്നേരം * പുലികളെതന്നെയുംകണ്ടൊള്ളു ന്നു തമ്പുരാൻ മനസ്സിൽനിനക്കുന്നില്ലെ * ഇന്നാട്ടിലുള്ളോര ഓടാള്ളൊള് അവർക്കിന്നുകഞ്ഞനെകൊടുക്കേണമല്ലൊ * എ ന്നുംമനസ്സിൽനിനച്ചുകൊണ്ടു മാളികത്തണ്ടുകോണികയറു ന്നല്ലൊ * ഓടമലെക്കലോതരുകന്നിക്കഞ്ഞ ഇന്നാട്ടിലു ള്ളൊരു ഓടാള്ളൊള് * പുലിയിനെകൊണ്ടിവിടെവെച്ചതി പ്പോൾ നിന്നെയവർക്കുകൊടുക്കണമല്ലൊ * എന്നുംപറഞ്ഞു കരഞ്ഞുംപോയി ഒന്നുംപറയേണ്ടാഎന്റെമ്മോമ * എന്നും പറഞ്ഞുകൊണ്ടാണകഞ്ഞൻ മാളികമുകളിന്നുനോക്കുന്നേ രം * മണിക്കെട്ട്യാരാൽത്തറകീഴിലല്ലെ അവിടെയൊരുനാ യരെകാണുന്നല്ലെ * പുലിവാലുകൈമേലുംകണ്ടുന്നുണ്ട് ഓ ടമലവാഴുരെന്റെമ്മോമ * ഓടാള്ളൊള്തന്നെയാതാകുന്നത് അവരപുലിയിനെകൊന്നതല്ല * പുലിക്കിന്നുവാലുമതില്ല യല്ലൊ തമ്പുരാനുംമാളികഇറങ്ങുന്നല്ലെ * ഓടാള്ളൊളരിക ത്തുചെല്ലുന്നല്ലെ അവരോടുവന്നല്ലെചോദിക്കുന്നു * നിങ്ങളു കൊണ്ടൊന്നാപുലിയാകുന്നു വാലതുതന്നെയുംകാണുന്നില്ല * പുലിയിനെനിങ്ങളും കൊന്നിട്ടില്ല അതുതാനെകേട്ടുള്ള ഓടാ ള്ളൊള് * കെട്ടിയെടുത്തിട്ടും കൊണ്ടുപോയി മാളികകേറി യല്ലൊതമ്പുരാനും * മാളികമേൽനിന്നുനോക്കുന്നേരം നായ രെകണ്ണാലെകാണുന്നല്ലെ * ഓടമലവാണതമ്പുരാനും നാ ലൊളുംനായരെവിളിച്ചുന്നേരം * നായരെവിളിച്ചുപറയുന്ന ല്ലെ നമ്മുടെ ആൽത്തറമുകളിലാണ് * ഇന്നൊരുനായരെ

കേരള സാഹിത്യ അക്കാദമി

അന്നേരം കണ്ണൻപറയുന്നല്ലെ കട്ടത്തത്തിനാട്ടനട്ടവട്ടത്തു *
അച്ചാളിമെപ്പായിലുള്ളതാണ് തമ്പുരാനറിഞ്ഞാലും കുററ
മുണ്ട് * നിന്നടെതമ്പുരാൻെറപേരന്താണ് ഉദയനൻകുറു
പ്പെന്ന പേരാകുന്നു * ഞാറമെൻതമ്പുരാനും വന്നോണ്ടാല
എന്തെങ്കിലും നിങ്ങളുതന്നുകോളിൻ എന്നടെകല്യാണത്തി
ന്നാകുന്നു * വേണ്ടുംചെലവൊക്കെതന്നുംകോളിൻ വേണ്ട
ന്നപൊന്നുതരുവാൻഞാനും * യാത്രപറഞ്ഞുനടന്നുകണ്ണൻ
ഓടമലർകാലൊത്തു കന്യകത്തെൻ * വിധിപോലെയി
നിക്കത്തു വന്നോണ്ടാലും വിധിപോലെ കണ്ണനും പോയിത
ല്ലൊ * പോരുന്നുണ്ടൊമനകത്തിക്കണ്ണൻ താനെതനിയ
നെപോരുന്നേരം * അങ്ങിനെകുറെവഴിനടക്കുന്നേരം കണ്ണ
ൻെറയൊരുമകഴിപ്പൊക്കയും * തോറത്തുമുണ്ടിലുംകെട്ടുന്നു
ല്ലെ പൊട്ടുകലിണററിലും കൊണ്ടുവെച്ചു * പിന്നെയൊരു
തോറത്തെട്ടത്തുംകൊണ്ടു നാലായിതന്നെയും ചീന്തുന്നല്ലെ *
കുത്താടൻകട്ടയിൽപിരട്ടുന്നല്ലെ ഒന്നതെടുത്തുതലയിൽകെ
ട്ടി * ഒന്നുകഴുത്തില്ലുംകെട്ടുന്നല്ലെ ഒരു ചീന്തട്ടെത്തിട്ടുടുക്കുന്നു
ല്ലെ * ഒന്നരയിലും കെട്ടുന്നുണ്ട് അററക്കഴയിലും ചെല്ലു
ന്നുണ്ട് അററക്കഴകെട്ടിതേക്കുന്നല്ലെ അററക്കഴകെട്ടിതേക്കു
ന്നേരം * ഈങ്ങാലമലവീട്ടിൽതണ്ടാനാണ് തണ്ടലുംതട്ടിട്ടു
പോരുന്നേരം * കണ്ണൻെറതേവൊക്കെ കണ്ടോളുന്നു കണ്ണ
ൻെറരികത്തുവന്നോളുന്നു * കണ്ണനോട്ടുവന്നല്ലെ ചോദി
ക്കുന്നു ഒന്നെണ്ണുകൊംക്കണെ കൂട്ടിയെനിട്ടും * തേകിയാല്
മീനൊന്നും കിട്ടൂലല്ലൊ നിന്നടെനാടേതുവീടേതാണ് * നാ
ടൊക്കെ എന്നടെനാട്ടുതന്നെ വീടൊക്കെ എന്നടെ വീട്ടുത
ന്നെ * എല്ലാരും എന്നെവിളിക്കുന്നതു എരപ്പുക്കോരാ എ

നാണുവിളിക്കുന്നത് * അന്നേരം തണ്ടാനും ചോദിച്ചല്ലൊ ഒന്നാണുകേൾക്കെന്റപ്പൂക്കോരാ ഈഞ്ഞാമലവീട്ടിനുപോരേനിയും * ചട്ടിക്ക് വെള്ളംവലിക്കാമല്ലൊ കോരനെയുംകൂട്ടിയല്ലെപോരുന്നത് * ഈഞ്ഞാമലവീട്ടുംപടികടന്നു ഈഞ്ഞമലവീട്ടിലെതണ്ടാത്തിയൊ * ചോദിച്ചല്ലോമനതണ്ടാത്തിയും ഇവനെയിന്നുവിട്ടുനുകിട്ടിയതു * തെണ്ടവുംകഴിഞ്ഞു ഞാൻപോരുന്നേരം അററക്കഴകെട്ടിതേകിനെല്ലെ * ഞാനിന്നിവിടേക്കുകൊണ്ടുംപോന്നു ചട്ടിക്ക് വെള്ളംവലിപ്പിക്കാലൊ * അന്നേരംതണ്ടാത്തിപറയുന്നല്ലൊ ചന്തിക്കുംവെള്ളംവലിപ്പിക്കാലൊ * അതിനേതുംമിണ്ടീലെഅപ്പുക്കോരൻ തണ്ടാനാംതന്നെപറയുന്നല്ലെ * ഇന്നേക്കത്തെവെള്ളംവലിച്ചുംപോയി നാളെയൊവെള്ളംവലിപ്പിക്കാലൊ * പറഞ്ഞുപറഞ്ഞുതാണിരിക്കുന്നേരം നേരമൊട്ടുസന്ധ്യമയങ്ങിയല്ലൊ * ഈഞ്ഞാമലവീട്ടിലെതണ്ടാത്തിയൊ അത്താഴച്ചോറുകൊടുക്കുന്നല്ലെ * മുടയരിച്ചോറുംപുളിച്ചമോരും ഉണ്ണുമുമ്പിൽചെന്നങ്ങിരുന്നു കണ്ണൻ * വിളക്കിന്റെവെട്ടെയിൽവലിച്ചും വെച്ചുമൂന്നുപിടിവാരിട്ടോനാശകാട്ടി * വടക്കെയകപ്പയിൽ കൊണ്ടച്ചാടി ഈഞ്ഞാമലവീട്ടിലെതണ്ടാനല്ലെ * കിടക്കാനൊരുപായകൊടുക്കുന്നല്ലെ പായയിലൊട്ടൊന്നുംകിടന്നതില്ല * പുല്ലേട്ടൽപോയികിടക്കുന്നല്ലെ അന്നുതെലവിടെപൊറുക്കുന്നല്ലെ * പിറേറന്നുപുല്ലുപുലന്നനേരം ചട്ടിക്കുവെള്ളംവലിക്കുന്നല്ലെ * കണ്ണന്നുംചോറുകൊടുക്കുന്നല്ലെ മൂന്നുപിടിവാരിട്ടോനാശകാട്ടി * വടക്കെയകപ്പയിലും കൊണ്ടച്ചാടി പിറേറന്നുവെള്ളംവലിക്കുന്നല്ലെ * കിണററിൻകരക്കലുംവന്നുകണ്ണൻ ഈഞ്ഞാമലവീട്ടിൽ ചിരുതക്കു

നെഞ്ഞത്തുച്ചോരയുള്ളൊരാണങ്ങൾക്കും അവരികിന്നാ
ക്കം നടന്നുകൂടാ* എന്നാല്ലെകഞ്ഞൻപറയുന്നാളും അമ്മയും
പൊട്ടിക്കരഞ്ഞുപോയി * തച്ചോളിയനന്തരം കഞ്ഞിചന്തു
കട്ടമയിൽകളിയുംകഴിയുന്നല്ലെ * ചന്തുതെങ്ങിപുറപ്പെട്ട
ല്ലൊ ആരിയംരാരോത്തുവന്നൊളുന്ന * ആരിയംരാരോത്തു
ചെല്ലുന്നേരം ആരിയംരാരോത്തുകഞ്ഞിതേക്കള്ളെ * കേളുവും
പുവ്വത്തിങ്കനിന്നു ചന്തുനെകണ്ണാലെകണ്ടനേരം * മ
ഞ്ഞോലമന്ത്രികൊടുക്കുന്നല്ലെ വെററിലമുറുക്കിയിരിക്കുന്നേ
രം * ചന്തുവുംതന്നെയതുചോദിക്കുന്നു ആരിയംരാരോത്തു
കഞ്ഞിതേക്കള്ളെ * വെള്ളത്തിന്നാദാഹംപൊറുത്തുകൂടാ ഒരു കി
ണ്ടിവെള്ളംതരികവേണം * അതുതന്നെകേട്ടുള്ള കേളുവല്ലെ
കേളുവകത്തേക്കുചെല്ലുന്നല്ലെ * അന്നേരംചന്തുപറയുന്നു
ണ്ട് ഇവിടെയപ്പെണ്ണുങ്ങളില്ലെകേളു * വെള്ളംതരുവാൻ
പറകകേളു പടിഞ്ഞാററിവാതുക്കൽചെന്നൊണ്ടിട്ടു * കേളു
വുംതന്നൊപറയുന്നല്ലെ ആരിയംരാരോത്തുനേർപെങ്ങളെ *
തച്ചോളിയനന്തരം ചന്തുനായര് ഒററിന്നിവിടെയതുവന്നി
ട്ടുണ്ടെ * ഓറ്ക്കുവെള്ളംകൊടുക്കുകുഞ്ഞാ നിൻറയൊരുമ
ച്ചമഞ്ഞൊനിയ്യ് * മാതുൻറരുമച്ചമയുന്നല്ലെ വെ
ള്ളൊട്ടുകിണ്ടിഎടുക്കുന്നല്ലെ * കിണററുംകരക്കങ്ങുവന്നൊ
ളുന്നു ഒരു കിണ്ടിവെള്ളംഎടുക്കുന്നല്ലെ * തലയോടെപട്ട
പൊതിഞ്ഞുകൊണ്ടും കുമ്പിട്ടുതലയവള്ത്താതണ്ടും *
വെള്ളവും കൊണ്ടുകൊടുക്കുന്നല്ലെ മൂത്തിപിടിച്ചൊന്നുറ
ത്തിചന്തു * കുഞ്ഞൻമുഖത്തങ്ങുനോക്കുന്നല്ലെ ചകച്ചുള
പ്പുല്ലുംപോൻതലയും * കാരാമപോലെകറുത്തൊരുത്തി അ
തുതാനെകണ്ടുള്ള ചന്തുവാണ് * ചന്തുവിനരിശംപിടിച്ചു

അവിടെയിരിക്കുന്നേരം പൊന്നലെവാഴുന്നകഞ്ഞിക്കണ്ണൻ * കേളിതംകേട്ടല്ലോകള്ളാടികളെ കള്ളാടികളിവിടെവരുത്തുകവേണം * കള്ളാടികളെഅവിടെ വരുത്തുന്നല്ലെ പാളയിലെന്താണകള്ളാടികളെ * പാളയിൽതേനാണതമ്പുരാനെ തേനും കറച്ചുകൊടുക്കുന്നല്ലെ * എണ്ണയും ചോറും കൊടുക്കുന്നല്ലെ ചോറതുകൊണ്ടുവിളമ്പിയവർ * കൂട്ടാനെടുക്കാനായിപോയനേരം വിളമ്പിയചോറല്ലാംതിന്നവരും * ഇവരിന്നികള്ളന്മാരാകുന്നത് ഇവരെപിടിച്ചിപ്പോൾകെട്ടുകവേണം * അവരെപിടിച്ചല്ലെകെട്ടുന്നത് കള്ളാടികൾനിലവിളികൂട്ടുന്നല്ലെ * കയറുംകെട്ടഴിച്ചതില്ല കൈയ്യുംതുറിനിറച്ചുവിടെ * പറയുന്നുണ്ടാമന കഞ്ഞിക്കുഞ്ഞൻ കെട്ടഴിച്ചല്ലെ അയക്കുന്നതു * ആൽത്തറമുകളിലുംചെന്നിരുന്ന ഏതാണെ കോട്ടപിടിക്കേണ്ടതു * പൊന്നലതന്നെ പിടിക്കവേണം നേരംനിറകൊണ്ടപോതിരക്ക * പൊന്നലക്കോട്ടയിൽകടക്കുന്നല്ലെ എല്ലാക്കുംനല്ലൊരുറക്കംതന്നെ * ഒന്നൊഴിയാതെല്ലാം കൊന്നൊടുക്കി കയറിനെതന്നെയും കൊല്ലുന്നല്ലെ * പിറേറന്ന് പുല്ലുപുലരുന്നേരം ചോരയും തന്നെയൊഴുകുന്നല്ലെ * എലത്തൂരെകോട്ടവാണകഞ്ഞിക്കണ്ണൻ പറയുന്നുണ്ടോമനകഞ്ഞിക്കണ്ണൻ * പൊന്നലകള്ളർപിടിച്ചുപോയി എനിക്കു ഗതിയെന്ത് തമ്പുരാനെ * മാററാനക്കോട്ടയിൽ കടന്നുപോയി പരന്തിരിസ്സാമാനകോട്ടമൂപ്പൻ * ഓരൊരു ഓല എഴുതുന്നല്ലെ മൂപ്പൻറപട്ടാളംഅയക്കുന്നല്ലെ * പിന്നാലെ മൂപ്പനുംപോരുന്നല്ലെ എലത്തൂരെകോട്ടക്കും വന്നൊളുന്നു * പട്ടാളംവന്നു നിറഞ്ഞവിടെ തച്ചോളിനല്ലോമന കഞ്ഞികതേനൻ * എലത്തൂരെകോട്ടയടക്കുന്നല്ലെ ഉദയനൻതന്നെ

